**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2919** **12-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ മത്സ്യഫെഡ് മത്സ്യമാർക്കറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിൽ എവിടെയെല്ലാമാണ് മത്സ്യഫെഡ് മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | മലപ്പുറം ജില്ലയിൽ എടപ്പാൾ, കോട്ടയ്ക്കൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി (തേഞ്ഞിപ്പാലം) എന്നിവിടങ്ങളിൽ സഹകരണ ബാങ്കുമായുള്ള ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. കോട്ടയ്ക്കൽ, പെരിന്തൽമണ്ണ, കൊടൂർ എന്നീ സ്ഥലങ്ങളിൽ ഫിഷ്മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിയോജക മണ്ഡലാടിസ്ഥാനത്തിൽ മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും മത്സ്യഫെഡ് ഔട്ട് ലെറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. നിലവിൽ 52 നിയോജക മണ്ഡലങ്ങളിൽ മത്സ്യഫെഡ് നേരിട്ട് നടത്തുന്ന 53 ബൂത്തുകളും സർവ്വീസ് സഹകരണ ബാങ്കുമായി സഹകരിച്ച് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന 60 ഫിഷ് മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. ബാക്കി 88 നിയോജക മണ്ഡലങ്ങളിൽ ബൂത്തുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കല്ലറയിൽ ഫിഷ് മാർട്ട് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനത്തിന് സജ്ജമാണ്. കണ്ണൂർ ജില്ലയിൽ ആന്തൂർ, മട്ടന്നൂർ, ചിറയ്ക്കൽ, വേങ്ങാട് എന്നീ സ്ഥലങ്ങളിൽ ഔട്ട് ലെറ്റുകൾ സ്ഥാപിക്കുവാനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഫിഷ് മാർട്ടുകൾ അനുവദിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഒരു മത്സ്യമാർക്കറ്റിനായി ഏകദേശം എത്ര തുകയാണ് മത്സ്യഫെഡ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടു കൂടി Hygienic Fresh Fish Retailing എന്ന പദ്ധതിയിൽ ഫിഷ്മാർട്ട് സ്ഥാപിക്കുന്നതിന് മാർട്ടൊന്നിന് 10 ലക്ഷം രൂപയാണ് ചെലവഴിക്കുന്നത്. |
| (ഡി) | മങ്കട നിയോജക മണ്ഡലത്തിൽ മത്സ്യമാർക്കറ്റ് | (ഡി) | മങ്കട നിയോജക മണ്ഡലത്തിൽ മത്സ്യ മാർട്ട് |

| | | | |
|---|---|---|---|
| | ആരംഭിക്കുന്നതിനായി മത്സ്യഫെഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | | സ്ഥാപിക്കുന്നതിനായി മങ്കട പഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ